മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development

In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 43 APRIL 2025

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Pramodkumar P.

# നമ്മുടെ ശക്തി
# നമ്മുടെ ഭൂമി

2025– ലെ ഭൗമദിനത്തിന്റെ പ്രമേയം നമ്മുടെ ശക്തി, നമ്മുടെ ഭൂമി എന്നതാണ്. പുനരുപയോഗ ഊർജ്ജത്തിന് വേണ്ടി ഒന്നിക്കാനും 2030 ആകുമ്പോഴേക്കും ആഗോളതലത്തിൽ പ്രകൃതിദത്ത വൈദ്യുതി ഉത്പാദനം മൂന്നിരട്ടിയാക്കാനും ലോകമെമ്പാടുമുള്ള എല്ലാവരെയും ക്ഷണിക്കുന്നതാണ് ഈ വർഷത്തെ പ്രവർത്തന മാർഗരേഖ. ഭൗമദിനത്തിൽ ഇക്കാര്യത്തിനായി ഉറച്ച തീരുമാനമെടുക്കണം. എല്ലാവരെയും അതിനായി പ്രോത്സാഹിപ്പിക്കണം. ആളുകളോട് സംസാരിക്കുകയും കഴിയുന്നത്രപേരെ ബോധവത്ക്കരിക്കുകയും സോഷ്യൽ മീഡിയയിലൂടെ പ്രചാരണം നടത്തുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഒരു ഭൗമദിന പ്രതിജ്ഞഎടുക്കുന്നതും നല്ലതാണ്.

എഡിറ്റോറിയൽ

# വേണം അൾട്രാ കെയർ

ഈ വർഷം വേനൽച്ചൂടിനൊപ്പം നമ്മളെ ഭയപ്പെടുത്തുന്ന മറ്റൊരു വില്ലൻ കൂടി എത്തി. അതിശക്തിയുള്ള അൾട്രാവയലറ്റ് രശ്മികളാണ് അവ. അത് ജീവജാലങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കാനിടയുള്ള പ്രശ്നമാണ്. അൾട്രാവയലറ്റ് വികിരണങ്ങൾക്കായി കാലാവസ്ഥാ മുന്നറിയിപ്പ് ഈ വർഷം നൽകേണ്ടിവന്നു എന്നത് ഗൗരവത്തോടെ കാണണം. ഇത്തരം പ്രകൃതി പ്രതിഭാസങ്ങൾ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്ന കാലമാണോ വരാൻ പോകുന്നതെന്ന് നമുക്ക് ഉറപ്പിച്ച് പറയാനാവില്ല. എന്തായാലും കരുതൽ വർദ്ധിപ്പിക്കേണ്ട സമയമാണിത്. അന്തരീക്ഷത്തിലേക്ക് കൂടുതൽ മിലിന്യങ്ങൾ കലർത്താതിരിക്കുന്നതും ധാരാളം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതുമൊക്കെ നല്ല മുൻകരുതലുകളാണ്. എന്തായാലും മുൻപുണ്ടായിരുന്നതിനെക്കാൾ കൂടുതൽ ജാഗ്രത പരിസ്ഥിതി സംരക്ഷണകാര്യങ്ങളിൽ ഉണ്ടാവേണ്ടതിന്റെ ആവശ്യകതയാണ് ഇപ്പോൾ വ്യക്തമാവുന്നത്.

# സംരക്ഷിക്കണം നീർമരുതിനെ

കേരളത്തിലെ വനങ്ങളിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിലും കാണപ്പെടുന്ന ഒരു ഔഷധ വൃക്ഷമാണ് നീർമരുത്. ടെർമിനാലിയ അർജുന എന്നാണ് ശാസ്ത്രീയ നാമം. ഇംഗ്ലീഷിൽ  അർജുൻ ടീ എന്നറിയപ്പെടുന്നു. നല്ല ബലമുള്ള വൃക്ഷം ആയതിനാൽ ആണ് അർജുന എന്ന പേര് ഇതിന് കൈവന്നത് എന്ന് കരുതപ്പെടുന്നു. പുഴക്കരയിലും ആറ്റുതീരത്തും കാണുന്നതിനാൽ ആറ്റുമരുതെന്നും അറിയപ്പെടുന്നുണ്ട്. വൃക്ഷത്തിന്റെ ഓരോ ഭാഗത്തിനും ഗുണങ്ങൾ ഉണ്ട്. എന്നാൽ ഇതിന്റെ തൊലിയാണ് പ്രധാനമായും ഔഷധമായി ഉപയോഗിക്കുന്നത്. ഹൃദയാരോഗ്യത്തിന്, ദേഹബലം വർദ്ധിപ്പിക്കാൻ, അൾസർ, ആസ്ത്മ തുടങ്ങിയവയ്ക്കൊക്കെ നീർമരുത് ചേർന്ന ഔഷധങ്ങൾ ഉപയോഗിക്കുന്നു.

ടെസ്സി ഡോൺ ടി.
സീഡ് ടീച്ചർ കോർഡിനേറ്റർ
ഹോളി ഫാമിലി എച്ച്.എസ്, കഞ്ഞികുഴി
കോട്ടയം

# ദുരന്തം പേറുന്ന കേരളം

കേരവൃക്ഷങ്ങൾ തിങ്ങിവളരുന്ന കേരളനാട്... അരുവികളും കാട്ടാറുകളും പുഴകളുമെല്ലാം കുളിരണിയിക്കുന്ന നാട്... ഇതൊക്കെ ഭൂതകാലത്തെ കേരളത്തിന്റെ കഥ. നവകേരളമോ? ദുരന്തം പേറുന്ന നാടായിത്തീരുകയാണ് ഇവിടം. മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾ എല്ലാ ജീവികൾക്കും വിനയായി മാറുന്നു. നാം ധാരാളം പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുന്നുണ്ട്. അതിൽ വലിയൊരുഭാഗം മണ്ണിലേക്ക് വലിച്ചെറിയുന്നുമുണ്ട്. അങ്ങനെ മണ്ണിന് വെള്ളം ആഗിരണം ചെയ്യാനുള്ള ശേഷി കുറയുന്നു. അതുമൂലം കിണറുകളിലേയും മറ്റ് ജലാശയങ്ങളിലെയും ജലനിരപ്പ് കുറഞ്ഞ് ജലക്ഷാമം അനുഭവപ്പെടുന്നു. വീടുകളും ഫ്ളറ്റുകളും മറ്റും നിർമിക്കുന്നതിനായി കുന്നിടിച്ചും വയൽനികത്തിയും ആവാസവ്യവസ്ഥയ്ക്ക് പോറലേൽപ്പിക്കുമ്പോൾ പല ജീവജാലങ്ങളും ഇല്ലാതാകുന്നു. അത് ഭക്ഷ്യ ശൃംഖലയെ ബാധിക്കുന്നു. അങ്ങനെ പ്രശ്നങ്ങൾ നിരവധിയാണ്. ഇപ്പോൾ കേരളത്തിൽ പലയിടങ്ങളിലും മയിലിന്റെ സാന്നിധ്യം കൂടിവരുന്നത് വരാനിരിക്കുന്ന വരൾച്ചയ്ക്ക് മുന്നോടിയാണെന്ന് പല പഠനങ്ങളും പറയുന്നു.

ശ്രീഭദ്ര കെ. ഉണ്ണി
എച്ച് എസ് എസ് കേരളശ്ശേരി
പാലക്കാട്

**നാ**ട്ടിൻപുറങ്ങളിൽ സാധാരണയായി കണ്ടുവരുന്ന പക്ഷിയാണ് ചിന്ന കുട്ടുറുവൻ. നല്ല പച്ചനിറമുള്ളതു കൊണ്ട് പച്ചിലക്കുടുക്ക എന്ന പേരുമുണ്ട്. ഇലകൾക്കിടയിൽ ഒളിച്ചിരിക്കാൻ വിരുതുള്ള ഇവയെ കണ്ടെത്തുക പ്രയാസമാണ്. മരങ്ങൾ വിട്ട് നിലത്തിറങ്ങാറില്ല, നിലത്ത് നടക്കാൻ പറ്റിയതല്ല ഇവയുടെ കാൽവിരലുകളുടെ ഘടന. പേര, പപ്പായ തുടങ്ങിയ ഫലവൃക്ഷങ്ങളിൽ നിത്യസന്ദർശകരായിരിക്കും ഈ പക്ഷികൾ. പഴയതും ദ്രവിച്ചതുമായ മരങ്ങളിൽ പൊത്തുതുരന്നാണ് കൂടുണ്ടാക്കുക. ഈ പൊത്തിന്റെ അടിവശം കോണാകൃതിയിലായിരിക്കും. പക്ഷിക്കുഞ്ഞുങ്ങളുടെ വിസർജ്ജ്യം വീണ് കൂട് മലിനമാവാതിരിക്കാനാണ് ഈ വിദ്യ. മുട്ടകൾ സംരക്ഷിക്കുന്നതിലും കുഞ്ഞുങ്ങളെ നോക്കുന്നതിലും ആൺപക്ഷിയും പെൺപക്ഷിയും തുല്യപങ്കാളിത്തം വഹിക്കുന്നു. ഒരു പൊത്തിൽ മൂന്നോ നാലോ കുഞ്ഞുങ്ങൾ കാണും.

ആൻലിയോ അനീഷ്
സെയിന്റ് സേവ്യേഴ്സ് സി യു പി സ്കൂൾ
പുതുക്കാട്, തൃശൂർ

ഈ ഫോട്ടോ കാണാം

# ചിന്നാർപുഴ, ഇടുക്കി

📷 ഷെല്ലി പീറ്റർ, സീഡ് കോഡിനേറ്റർ
മാർ ബേസിൽ ഹയർ സെക്കൻഡറി സ്കൂൾ
കോതമംഗലം, എറണാകുളം

# നിത്യവഴുതന

പോഷകങ്ങളുടെ കലവറയായ നിത്യവഴുതനയെകുറിച്ച് കേട്ടിട്ടുണ്ടോ? വഴുതനയുമായി യാതൊരു രൂപ സാദൃശ്യവും ഇതിനില്ല. ഗ്രാമ്പൂവിന്റെ ആകൃതിയാണ് ഇതിന്. ദിവസേന കറിക്കുള്ള കായ്കൾ ലഭിക്കുന്നതു കൊണ്ടാണ് ഇതിന് നിത്യവഴുതന എന്ന പേര് വന്നത്. ഏതു കലാവസ്ഥയിലും വളരുന്ന ഈ വള്ളിച്ചെടി ഒരിക്കൽ നട്ടുപിടിപ്പിച്ചാൽ കാലങ്ങളോളം ഫലം തന്നുകൊണ്ടേയിരിക്കും. ഇതിന്റെ പൂക്കൾ വൈകിട്ടാണ് വിരിയുന്നത്. പൂക്കൾക്ക് വയലറ്റോ, വെള്ളയോ നിറമായിരിക്കും. പൂവിന്റെ മനോഹാരിത കൊണ്ട് അലങ്കാരച്ചെടിയായും വളർത്താറുണ്ട്. ചെടികളെ കീടങ്ങളോ രോഗങ്ങളോ കാര്യമായി ബാധിക്കാറില്ല. ഏറെ പോഷകസമൃദ്ധമാണ് ഇതിന്റെ കായ. നമ്മുടെ ആരോഗ്യത്തിനാവശ്യമായ നാരുകൾ, കാൽസ്യം, പൊട്ടാസ്യം, മഗ്നീഷ്യം, വിറ്റാമിൻ സി, സൾഫർ, അയൺ തുടങ്ങിയവയുടെ കലവറയാണ് നിത്യവഴുതന.

ശ്രീലേഖ കെ. പി., സീഡ് കോർഡിനേറ്റർ
എ യു എ യു പി സ്കൂൾ, നെല്ലിക്കുന്ന്
കാസർകോട്

# പ്രകൃതീ.. പ്രഭാവതീ...

പ്രകൃതീ.. പ്രഭാവതീ...
നിന്റെ പ്രാണന്റെ തന്ത്രിയിൽ
പുലരുന്നതേതൊരു
പ്രണവസംഗീതത്തിൻ മൃദുമന്ത്രം...
ഉഷസ്സും സന്ധ്യയും
നിന്റെ മനസ്സിലെ
ഊഷ്മള സ്വപ്നങ്ങളല്ലേ...
ഋതുക്കളും മനുഷ്യരുമെല്ലാമെല്ലാം
നിൻ ഹൃദയത്തിൻ സ്പന്ദനമല്ലേ...
കലയും കാലവും നിന്റെ കാൽക്കലെ
കാഞ്ചന ശില്പങ്ങളല്ലേ...
പുഴകളും പൂക്കളും പൂന്തികളും
നിൻ പുളകത്തിൻ നാളങ്ങളല്ലേ...

ചക്രവാളത്തിനുമപ്പുറം എന്നുപേരിട്ട ചിത്രത്തിനായി ഗിരീഷ് പുത്തഞ്ചേരി എഴുതിയ ഗാനമാണിത്. പ്രകൃതിയെ സ്തുതിക്കുന്ന എണ്ണിയാൽ ഒടുങ്ങാത്ത കൽപ്പനകളാൽ സമൃദ്ധമാണ് ഈ പാട്ട്. ഇതിലെ വരികൾ വിശദീകരണങ്ങൾ ഒന്നും ഇല്ലാതെ പ്രകൃതിയെ നെഞ്ചേറ്റുന്നു. പ്രകൃതിയിൽ നിന്നും അകന്നു പോകുന്നവർക്ക് ഒരു മടങ്ങിപ്പോക്കിന് അവസരമാണ് ഈ വരികൾ.

സുനീത് സി.
ഹൈടെക് പബ്ളിക് സ്കൂൾ
വട്ടോളി, കോഴിക്കോട്

ഇത് അതിശയം തന്നെ

# തിളങ്ങുന്ന കടൽത്തീരം

മാലിദ്വീപുകളിൽപെട്ട മാധു ദ്വീപിൽ ആണ് രാത്രിയിൽ തിളങ്ങുന്ന ഈ തീരം ഉള്ളത്. തിരകൾ ഇരുട്ടിൽ തിളങ്ങുന്ന ഈ കാഴ്ച വളരെ മനോഹരമാണ്. ബയോലുമിനൻസ് എന്ന പ്രകൃതിദത്ത പ്രതിഭാസമാണ് ഈ തിളക്കത്തിന് കാരണം. ഒരു ജീവകം ആണ് പ്രകാശം പുറപ്പെടുവിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യുന്നത്. ഇത് കടൽവെള്ളത്തെ പ്രകാശിപ്പിക്കുന്നു. വളരെ കൗതുകകരമാണ് ഈ കാഴ്ച. മാധു ദ്വീപിനുചുറ്റുമുള്ള കടൽ വിശാലവും നിഗൂഢവും അജ്ഞാത ജീവികൾ നിറഞ്ഞതുമാണ്.

അതുൽ പി. അനിൽ
എം ഇ എസ് എച്ച് എസ് എസ് ആമയാർ
ഇടുക്കി

# സിറോക്സും ഫോട്ടോകോപ്പിയും

'സിറോക്സ്' എന്നു കേട്ടാൽ ഫോട്ടോകോപ്പി എന്നേ നമ്മുടെ മനസ്സിൽ വരൂ. പല കടകളിലും ഫോട്ടോകോപ്പി എന്നതിനു പകരം സിറോക്സ് എന്നാവും എഴുതിവച്ചിട്ടുണ്ടാവുക. ആളുകൾ സംസാരിക്കുമ്പോഴും ഫോട്ടോകോപ്പി എടുത്തു എന്ന അർഥത്തിൽ Xeroxed എന്നു പറയാറുണ്ട്. യഥാർഥത്തിൽ ഫോട്ടോകോപ്പിയർ പോലെ അനേകം പ്രിന്റിങ് മെഷീനുകളും മറ്റും നിർമിക്കുന്ന ഒരു വമ്പൻ അമേരിക്കൻ കമ്പനിയാണ് സിറോക്സ്. അവർ നിർമിച്ച ഫോട്ടോകോപ്പിയറുകൾ ഉപയോഗിച്ച് കോപ്പികൾ എടുത്തപ്പോൾ നമ്മൾ പതിയെ ഫോട്ടോകോപ്പി എന്നതിന്റെ പകരം പദമായി ആ കമ്പനിപ്പേരിനെ മാറ്റി. എന്നാൽ കോപ്പിയെടുക്കുക എന്ന അർത്ഥത്തിൽ കമ്പനിപ്പേര് ഉപയോഗിക്കുന്നതിൽ സിറോക്സ് കമ്പനി അത്ര ഹാപ്പിയല്ല. മാത്രമല്ല, അത് തടയാൻ അവർ പല ശ്രമങ്ങളും നടത്തുന്നുമുണ്ട്. പക്ഷേ, ഇന്ത്യയടക്കമുള്ള മിക്ക രാജ്യങ്ങളിലും സിറോക്സ് നിത്യജീവിതത്തിലെ ഒരു വാക്കായി മാറിക്കഴിഞ്ഞു. പല നിഘണ്ടുക്കളിലും അത് കയറിപ്പറ്റുകയും ചെയ്തു.

ദേവപ്രിയ
ജി യു പി എസ് പൊൻമുടി
തിരുവനന്തപുരം

# രാക്ഷസ ഒച്ച്

മഴക്കാലത്ത് നമ്മുടെ നാട്ടിൽ ചിലയിടങ്ങളിൽ കണ്ടുവരുന്ന ഒരു ജീവിയാണ് ലിസാചാറ്റിന ഫുലിക്ക എന്ന ശാസ്ത്രനാമമുള്ള ആഫ്രിക്കൻ ഒച്ച് അഥവാ രാക്ഷസഒച്ച്. ചപ്പു ചവറുകൾ കൂടിക്കിടക്കുന്ന സ്ഥലങ്ങളിലാണ് ഈ ജീവി മുട്ടയിട്ടുപെരുകുന്നത്. ഇവ നമ്മുടെ കൃഷിയിടങ്ങളിൽ കടന്നുകയറുന്നു. നമ്മൾ കൃഷി ചെയ്യുന്ന ചെടികളുടെ ഇലയും തണ്ടും ഫലങ്ങളുമാണ് ഒച്ചു കൾ ആഹാരമാക്കുന്നത്. ഇത് കൃഷിയെ ആശ്രയിച്ച് ജീവിക്കു ന്നവരെ ബുദ്ധിമുട്ടിലാക്കുന്നു. ഭൂമിയുടെ പച്ചപ്പിനെയും കാര്യ മായി ബാധിക്കുന്നു. ഇവയെ തുരത്തുന്നതിനുവേണ്ടി ഉപ്പ്, തുരിശ് എന്നിവ കലക്കി ഒച്ചി ന്റെ തോടിനുൾഭാഗത്ത് വീഴു ന്നവിധം തളിക്കാറുണ്ട്. രാക്ഷ സഒച്ചിന്റെ സ്രവങ്ങൾ മനുഷ്യ ശരീരത്തിൽ എത്തുമ്പോൾ ആ ഭാഗങ്ങളിൽ ചൊറിച്ചിലും ചിലപ്പോൾ വ്രണവും ഉണ്ടാകാറുണ്ട്. അതിനാലാൽ ഈ ജീവി പ്രകൃതിയുടെ പച്ചപ്പിനും മനുഷ്യനും ഒരുപോലെ വെല്ലുവിളിയാണ്.

ശ്രീലക്ഷ്മി കെ.എസ്.
ഗവ. ഡി വി എച്ച് എസ് എസ്
ആലപ്പുഴ

# കോളാമ്പിപ്പൂവ്

മുറുക്കി തുപ്പുന്നതിന് പണ്ടുകാലത്ത് കേരളത്തിൽ ഉപയോഗിച്ചുവന്നിരുന്ന കോളാമ്പിയുടെ ആകൃതിയോട് സാമ്യമുള്ളതിനാലാണ് ഈ പൂവിനെ കോളാമ്പിപ്പൂവ് എന്ന് വിളിക്കുന്നത്. 5 ഇതളുകളുള്ള പൂക്കൾക്ക് സാധാരണ മായി മഞ്ഞ നിറമാണ്. എന്നാൽ വിവിധ നിറത്തിലുള്ള കോളാമ്പി പൂക്കൾ കണ്ടുവരുന്നുണ്ട്. ഇതളുകളുടെ എണ്ണ ത്തിലും വ്യത്യാസം കാണാം. ബ്രസിൽ ആണ് നിത്യഹരിത സസ്യമായ ഈ ചെടിയുടെ ജന്മദേശം. കോളാമ്പിയുടെ ചെടിയുടെ ഇലയിലും പൂവിലും വിഷാംശം അടങ്ങിയിട്ടുണ്ട്.

നിഷ കെ.
പുതിയങ്ങാടി ജമാ അത്ത്
ഹയർ സെക്കന്ററി സ്കൂൾ
കണ്ണൂർ

# നഷ്ടം

എങ്ങോപായയുന്ന മനുഷ്യർ
കാണാതെപോകുന്ന കാഴ്ചകൾ...
സുന്ദരമായ നീലാകാശം,
ഒഴുകിവരുന്ന വെളുത്ത
മേഘങ്ങൾ,
മന്ദമാരുതനിൽ നൃത്തമാടുന്ന
വൃക്ഷങ്ങൾ,
പുഞ്ചിരിച്ചു നിൽക്കുന്ന
സുന്ദരപുഷ്പങ്ങൾ,
മഞ്ഞുത്തുള്ളികൾ തങ്ങി നിൽക്കുന്ന
പുൽപ്പരപ്പുകൾ,
അങ്ങനെ എത്രയെത്ര  കാഴ്ച്ചകൾ...
എങ്ങോ പായയുന്ന മനുഷ്യന്റെ
തീരാനഷ്ടത്തിനറുതിയില്ല!

നിവേദിത ബി. എം.
അമൃത വിദ്യാലയം, പത്തനംതിട്ട

# താഴ്‌വാരത്ത്

ചിലപ്പോൾ ഭയപ്പെടാറുണ്ട്, ഈ ലോകത്ത് ഞാൻ ഒരാൾ മാത്രമായിരുന്നെങ്കിലത്തെ അവസ്ഥയെക്കുറിച്ച്. കണ്ണുകളെ കുളിരണിയിപ്പിക്കുന്ന ഈ ദൃശ്യം ആരോട് പങ്കുവെയ്ക്കുമോന്നതിനെക്കുറിച്ച്. മലകളാൽ ചുറ്റപ്പെട്ട ഗ്രാമം, പുല്ലും മരങ്ങളും നിറഞ്ഞ് പച്ചയിൽ കുളിച്ച ഒരിടം. ആദ്യം ഞാൻ ചിന്തിച്ചു, ദൈവം എത്ര പാടുപെട്ടിട്ടുണ്ടാകും ഇവിടം മുഴുവൻ പച്ചനിറമാക്കാൻ. ഇപ്പോൾ അത് ഓർക്കുമ്പോൾ ചിരിപൊട്ടും. പളുങ്ക് പോലെ തിളങ്ങുന്ന കുളങ്ങൾ, നദികൾ അങ്ങനെ പലതുമുണ്ടല്ലോ ഇവിടെ. പാടവരമ്പിലൂടെ കൂകിപ്പായുമ്പോൾ, അടുത്തുള്ള തോട്ടിൽ ചാടി തിമിർക്കുമ്പോൾ, കൂട്ടുകാരുമായി മാങ്കൊമ്പ് കുലുക്കുമ്പോൾ, പൂവിട്ടതും കൊഴിഞ്ഞുവീണതും നനഞ്ഞതും കുഴഞ്ഞതുമെല്ലാം ആഹ്ലാദമായിരുന്നു. താഴ്‌വാരത്ത് ഒഴുകി നടക്കാൻ എന്റെ കണ്ണുകൾ കൊതിക്കുന്നു. പുല്ലിൽ പാദങ്ങളമർത്തി പോയ്പ്പോയ ആ ബാല്യരസം നുകരാൻ എന്റെ മനസ്സ് വീർപ്പുമുട്ടുന്നു. ആ സ്വർഗ്ഗരാജ്യം ഒരു വിസ്മയമായിരുന്നു എന്ന് ഞാൻ അറിയുന്നു. പണത്തിനും സ്വാർത്ഥതയ്ക്കും ഞാൻ എന്നെ തന്നെ മരുഭൂമിയിൽ കെട്ടിയിട്ടു. ഇപ്പോൾ ആ സ്വർഗ്ഗരാജ്യത്തിലെ വിസ്മയം തേടി മനസ് അലയുന്നു... പ്രകൃതി സുന്ദരമാണ് അത് പണത്തിനു മീതെ പറക്കുന്ന പരുന്തിനറിയാം. കാരണം അവൻ മാത്രമേ അത് കണ്ടിട്ടുള്ളൂ. ഞാൻ കണ്ടത് താഴ്‌വാരത്ത് നിന്ന് മാത്രം.

കെ. അനന്യ
ഇ എം ഇ എ ഹയർസെക്കണ്ടറി സ്കൂൾ
തുറക്കൽ, കൊണ്ടോട്ടി
മലപ്പുറം

മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം

വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓർഡിനേറ്റർമാരോട് സംസാരിക്കാം.

ആകാശത്തോട് സംസാരിക്കാൻ
ഭൂമിയുടെ നിരന്തര പരിശ്രമമാണ് മരങ്ങൾ

Published by Mathrubhumi Seed